KOTTAYAM PUBLIC LIBRARY

Call No. M 335 Bha-M    Acc. No. 62144

Author ഭാസ്കരനുണ്ണി നമ്പൂതിരി

Title മാർക്സിസം ക്രിട്ടിക്ക്

# മാർക്സിസം
# കുട്ടികൾക്ക്

KOTTAYAM PUBLIC LIBRARY
KOTTAYAM.

(Malayalam)

MARXISAM KUTTIKALKE

by P. T. BHASKARA PANICKER

First Published September 1974

Printed at Sastha Printers, Trivandrum–14.

Cover–Devadethan

Price Rs. 2.00

Right Reserved

Publishers:

Prabhatham Printing & Publishing Co. (P) Ltd.

Trivandrum 695024, Kerala, India

Sales Department

PRABHATH BOOK HOUSE

TRIVANDRUM- ALLEPPEY

ERNAKULAM-ELOOR-KOTTARAKARA

CALICUT-PAYANNOOR-CANNANORE-QUILON

# മാർക്സിസം കുട്ടികൾക്ക്

KOTTAYAM PUBLIC LIBRARY
KOTTAYAM.
69744

പി. ടി. ഭാസ്കരപ്പണിക്കർ

പ്രസാധകർ
പ്രഭാതം പ്രിൻറിംഗ് ആൻറ്
പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്

പ്രഭാത് ബുക്ക് ഹൗസ്

തിരുവനന്തപുരം
വില 2.00 രൂപ

## ഭാസ്കരപ്പണിക്കരുടെ കൃതികൾ

ജീവശാസ്ത്രത്തിന്റെ വളർച്ച
നൂറു ചോദ്യങ്ങൾ
രോഗവും ചികിത്സയും
ജീവന്റെ ഉത്ഭവം
ശാസ്ത്രപരിചയം (2 ഭാഗങ്ങൾ)
മനുഷ്യന്റെ അനാട്ടമിയും ഫിസ്യോളജിയും
മനുഷ്യനെന്ന യന്ത്രം
മുന്നേറുന്ന സയൻസ്
സയൻസിന്റെ സംഭാവന
രണ്ടു വിജ്ഞാനശാഖകൾ
യന്ത്രങ്ങളുടെ പ്രവർത്തനം
സയൻസും സമുദായവും
മനുഷ്യനിർമ്മിതമായ ചന്ദ്രൻ
ഗ്രഹാന്തര യാത്ര
സ്പേസിലേക്കുള്ള യാത്ര
ഭൂകമ്പങ്ങൾ
ജീവപ്രപഞ്ചം
സയൻസിന്റെ കഥ (3 ഭാഗങ്ങൾ)
മനുഷ്യൻ ചന്ദ്രനിൽ
തെലിങ്കാനയിലെ സായുധസമരം
കേരളചരിത്രം കുട്ടികൾക്ക്
കുട്ടികളുടെ ഫിസിക്സ്
കുട്ടികൾക്കുള്ള ശരീരശാസ്ത്രം
കുട്ടികളുടെ നക്ഷത്രശാസ്ത്രം
കുട്ടികളുടെ ലെനിൻ

M335

## പ്രഭാത് ബാലവേദി

നമ്മുടെ നാട്ടിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ കുട്ടികൾക്കുവേണ്ടി ചെറിയ പുസ്തകങ്ങൾ—പ്രഭാത് ബാലവേദി എന്ന പുസ്തകമാല—പ്രസിദ്ധീകരിക്കാൻ പ്രഭാത് ബുക്ക് ഹൗസ് തീരുമാനിച്ചിരിക്കുകയാണ്. പുസ്തകമാലയിലെ മൂന്നാമത്തെ പുസ്തകമാണ്

**മാർക്സിസം കുട്ടികൾക്ക്.**

മലയാളത്തിൽ ബാലസാഹിത്യം വേണ്ടത്ര വളർന്നിട്ടില്ല. അതിൻെറ ഫലമായി വില കുറഞ്ഞ അമേരിക്കൻ കോമിക്കുകളും മററു ചപ്പുചവറുകളുമാണിന്ന് കുട്ടികൾ അധികവും വായിക്കുന്നത്. ഗൗരവമുള്ള കാര്യങ്ങളെക്കുറിച്ച് സരളമായി രചിച്ച പുസ്തകങ്ങളുടെ അഭാവമാണ് ഇതിന്നൊരു കാരണം എന്ന ഞങ്ങൾക്കു തോന്നുന്നു. ഈ സാഹചര്യത്തിലാണ് പ്രഭാത് ബാലവേദിയുടെ തുടക്കം. ഈ പുസ്തകങ്ങൾ കേരളത്തിലെ സാധാരണക്കാരുടെ മക്കൾ ഇഷ്ടപ്പെടുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്.

പി. രവീന്ദ്രൻ എം. എൽ. എ.
ചെയർമാൻ ആൻറ് മാനേജിംഗ് ഡയറക്ടർ
പ്രഭാത് ബുക്ക് ഹൗസ്

# ഉള്ളടക്കം


1. എന്താണ് മാർക്സിസം? 1
2. സ്വത്തും സർക്കാരും 5
3. ജന്മിയും കുടിയാനും 9
4. പണിമുടക്ക് 13
5. ഇൻക്വിലാബ് സിന്ദാബാദ് 17
6. മുതലാളിത്തം 21
7. പുതിയ ശാസ്ത്രം 25
8. ശാസ്ത്രീയ സോഷ്യലിസം 29
9. ഇന്ത്യയിൽ ചെങ്കൊടി 33
10. വിപ്ലവകാരി 37

# മാർക്സിസം കുട്ടികൾക്കു്

## 1

### എന്താണു് മാർക്സിസം?

നാം ജീവിക്കുന്നതു് സോഷ്യലിസത്തിന്റെ യുഗത്തിലാണു്. ഇതിനർത്ഥം ഇവിടെ സോഷ്യലിസം വന്നു എന്നല്ല. ഇന്ത്യയിൽ മുതലാളിത്തമാണുള്ളതു്; നാട്ടിൻപുറങ്ങളിൽ നാടുവാഴിത്തവും. പണ്ടു് ഇവിടെ അടിമത്തവും നിലവിലുണ്ടായിരുന്നു. ഇന്നും അതിന്റെ ചില അടയാളങ്ങൾ ബാക്കി നിൽക്കുന്നുണ്ടു്. അതിലും പഴയ ഗോത്രജീവിതവും ചില ആദിവാസികളിൽ കാണാം.

"മാനുഷരെല്ലാരുമൊന്നുപോലെ" കഴിഞ്ഞിരുന്ന "മാവേലിനാടി"നെപ്പററി നാം പാടുന്നു. നമ്മുടെ ഓണക്കാലം മാവേലിനാടിനെ ഓർമ്മിപ്പിക്കുന്നു.

അങ്ങിനെയൊരു കാലം ഉണ്ടായിരുന്നുവോ? എല്ലാവരും ഒരുപോലെ കഴിഞ്ഞിരുന്ന ഒരു കാലം ഉണ്ടായിരുന്നു. പിന്നീടാണു്, അതിന്റെ സ്ഥാനത്തു് അടിമകളും യജമാനന്മാരും വന്നതു്. അതോടുകൂടി സ്വത്തവകാശവും വന്നു,

അടിമകളെക്കൊണ്ടു് തല്ലി പണിചെയ്യി ക്കും. എന്തെങ്കിലും ആഹാരം കൊടുത്താൽ ആയി. ചിലപ്പോൾ അവരെ കൊല്ലാൻപോലും യജമാനന്മാർക്കു് അവകാശമുണ്ടായിരുന്നു. യജമാനന്മാരുടെ സ്വത്തായിരുന്നു അടിമകൾ.

പത്തുമൂവ്വായിരം കൊല്ലംമുമ്പു് അടിമത്തം ലോകത്തിൽ വളന്നു. കാടുകൾ വെട്ടിത്തെളിയിക്കാനും കണ്ടം കിളച്ചുകൊടുക്കാനും കൃഷിനടത്താനും കന്നുകാലി വളർത്താനും അടിമകളെ യജമാനന്മാർ ധാരാളം ഉപയോഗിച്ചു. ഈജിപ്തിലെ പിരമിഡുകൾ ഉണ്ടാക്കിയതു് ഇത്തരം അടിമകളാണു്.

അതിനിടയിൽ സ്പാർട്ടാക്കസ് എന്നൊരു നേതാവു് അടിമകളെ യജമാനന്മാർക്കു് എതിരായി സംഘടിപ്പിച്ചു. സമരംചെയ്തു. യജമാനന്മാർക്കു് കലിമൂത്തു. അടിമകളെ എന്നുമെന്നും കീഴൊതുക്കിനിർത്താനാവില്ലെന്നു് യജമാനന്മാർ മനസ്സിലാക്കി. അവരെ മർദ്ദിച്ചൊതുക്കിനിർത്താൻ ഭരണകൂടമുണ്ടാക്കി.

മനുഷ്യർ ഒററയ്ക്കല്ല ജീവിക്കുന്നതു്. മനുഷ്യൻ സമൂഹജീവിയാണു്. സമൂഹത്തിൻെറകൂടെയാണു് മനുഷ്യനും വളരുന്നതു്.

സമൂഹം വളരുന്നതെങ്ങിനെയാണു്? മനുഷ്യൻ ജീവിതത്തിനിടയിൽ തൻെറ ചുററുപാ

ട്ടകളെ മാററുന്നു. പ്രകൃതിയിലുള്ള സാധനങ്ങൾ ഉപയോഗിക്കുന്നു. കൃഷിചെയ്യുന്നു. വട്ടിയും കുട്ടയും ഉണ്ടാക്കുന്നു. മൺപാത്രങ്ങളും കുടിലുകളും ഉണ്ടാക്കുന്നു. കയർ പിരിക്കുന്നു. നൂൽ നൂൽക്കുന്നു. തുണിനെയ്യുന്നു.

മററു ജന്തുക്കളും മനുഷ്യനും തമ്മിലുള്ള വ്യത്യാസം ഇതാണ്. ആൾക്കുരങ്ങും ആദ്യത്തെ മനുഷ്യനും ആകൃതിയിൽ ഏകദേശം ഒരുപോലെയായിരുന്നു. പക്ഷേ കല്ലും വടിയും കയറും ഉപയോഗിക്കാൻ മനുഷ്യൻ പഠിച്ചു. തനിക്കാവശ്യമായ പലതരം കരുക്കളും അയാൾ ഉണ്ടാക്കി ഉപയോഗിച്ചു.

ശിലായുഗമെന്നും വെങ്കലയുഗമെന്നും ചരിത്രത്തെ ഭാഗിക്കുന്നു. കല്ലുകൊണ്ടുള്ള കരുക്കളാണ് ശിലായുഗത്തിൽ ഉപയോഗിച്ചിരുന്നത്. അക്കാലത്തെ കല്ലായുധങ്ങൾ കുഴിച്ചെടുത്തിട്ടുള്ളത് പല സ്ഥലത്തും കാണാം. കൂർത്ത കല്ലുകൾ, കൽക്കോടാലികൾ എന്നിവയായിരുന്നു അന്നത്തെ മനുഷ്യൻ ഉപയോഗിച്ച ആയുധങ്ങൾ. പിന്നീട് അവയെ പരിഷ്ക്കരിച്ചു. പുതിയ ഉപകരണങ്ങൾ ഉണ്ടാക്കി. തീ കണ്ടുപിടിച്ചതോടെ ഓട്ടുകൊണ്ടുള്ള സാധനങ്ങളുണ്ടാക്കി. പിന്നീട് ഇരുമ്പും ഉപയോഗിക്കാൻതുടങ്ങി. അമ്പും വില്ലും കുന്തവും ഉപയോഗിച്ച് വേട്ടയാടി. കാട്ടുജന്തുക്കളിൽനിന്നു്

മനുഷ്യനെ രക്ഷിച്ചതും ഈ പുതിയ ആയുധങ്ങളാണ്.

മനുഷ്യന്റെ കഥയിൽനിന്നുണ്ടായ ശാസ്ത്രമാണ് മാർക്സിസം. ജർമ്മനിയിൽ ജനിച്ച കാൾമാർക്സ് ആണ് ഇതിന്റെ സ്ഥാപകൻ. മാർക്സിൽനിന്നാണ് മാർക്സിസം എന്ന പേരുണ്ടായത്. ലോകത്തിൽ പതിനാല് രാജ്യങ്ങളിൽ മാർക്സിസത്തിന്റെ കൊടി ഉയർന്നിരിക്കുന്നു.

2

## സ്വത്തും സർക്കാരും

KOTTAYAM PUBLIC LIBRARY KOTTAYAM

നമുക്കെല്ലാം കുടുംബങ്ങളുണ്ടു്. അച്ഛൻ, അമ്മ, മക്കൾ. അല്ലെങ്കിൽ അമ്മാമൻ, മരുമക്കൾ. ഓരോ കുടുംബവും കൃഷിചെയ്യാൻ തുടങ്ങി. അല്ലെങ്കിൽ വേട്ടയാടി. കുടുംബത്തലവൻ അച്ഛനോ അമ്മയോ അമ്മാമനോ ജ്യേഷ്ഠനോ ആയിരിക്കും. കുട്ടികൾ കുടുംബത്തിൽനിന്നു പലതും പഠിക്കുന്നു.

എന്നാൽ ഒരുകാലത്തു് ഇന്നത്തെപ്പോലുള്ള കുടുംബം ഉണ്ടായിരുന്നില്ല. ഗോത്രങ്ങളായിട്ടാണു് അന്നു മനുഷ്യൻ കഴിഞ്ഞതു്. ഗോത്രത്തലവന്മാരും കാരണവന്മാരും ഉണ്ടായിരുന്നു. അവർ ഗോത്രത്തിന്റെ കാര്യങ്ങളെല്ലാം ഒന്നിച്ചാണു് കണ്ടിരുന്നതു്. ഗോത്രവ്യവസ്ഥ ഇന്നും ഇന്ത്യയിൽ പല ഗിരിജനങ്ങളിലും കാണാം.

കൂട്ടായി വേട്ടയാടിക്കിട്ടിയതു് എല്ലാവരും കൂടി ഭക്ഷിക്കും. ഭൂമി ആരുടേയും സ്വകാര്യസ്വത്തല്ലായിരുന്നു അന്നു്—എല്ലാവരുടേയും കൂടിയായിരുന്നു. ആർക്കും വിത്തിടാം, വിളകൊയ്യാം. പഴയ ഒരുതരം കമ്മ്യൂണിസം അന്നു നിലവിലുണ്ടായിരുന്നു. പക്ഷേ, പിന്നീടു്

സ്ഥിതി മാറി. ഇതിനെ പ്രാകൃതകമ്മ്യൂണിസം എന്നു പറയുന്നു.

സ്വകാര്യസ്വത്തുണ്ടായതോടെ, ഇതു് എൻെറയാണു്, ഇതു നിൻെറയാണു് എന്ന നില വന്നു. അടിമകൾ തൻെറ സ്വത്താണെന്നു് യജമാനന്മാർ കരുതി. അടിമകളെ വിൽക്കുകയും വാങ്ങുകയും ചെയ്തു. അതുപോലെ അടിമകൾ ഉണ്ടാക്കിയ സാധനങ്ങൾ അതാതു് യജമാനന്മാരുടെ സ്വത്തായിത്തീർന്നു. അവരതും വിററു. സാധനങ്ങൾ കൈമാറാൻ തുടങ്ങിയതോടെ കച്ചവടം വളർന്നു. കൊള്ളലും കൊടുക്കലുമാണല്ലോ കച്ചവടം.

മാർക്സിസത്തിൻെറ സ്ഥാപകനായ കാൾ മാർക്സിൻെറ ഉററ തോഴനായിരുന്നു ഫ്രെഡറിക് എംഗൽസ്. എംഗൽസ്, മനുഷ്യസമൂഹത്തിൻെറ വളർച്ചയെപ്പററി പഠിച്ചു. കിട്ടിയ പുസ്തകങ്ങളെല്ലാം വായിച്ചു. സ്വകാര്യസ്വത്തില്ലാത്ത ഒരു കാലം ഉണ്ടായിരുന്നുവെന്നു് എംഗൽസ് കണ്ടുപിടിച്ചു. അന്നു ഭൂമിയും അതിലെ വിഭവങ്ങളും എല്ലാവരുടേയുംകൂടിയായിരുന്നു—ഒരാളുടെ സ്വന്തമായിരുന്നില്ല എന്നു കണ്ടുപിടിച്ചു. ഇതാണു് കമ്മ്യൂണിസം—പൊതുഉടമ: സ്വകാര്യസ്വത്തില്ലാത്ത സ്ഥിതി.

സ്വത്തു് എങ്ങിനെ ഉണ്ടായി? മനുഷ്യൻെറ അദ്ധ്വാനത്തിൽനിന്നു്. അതു് ഒരാൾക്കു

മാത്രമുള്ളതാണോ? അല്ല. ഒരാളുടെ അദ്ധ്വാനത്തെ മററൊരാൾ ഉപയോഗിക്കുന്നതു് ഏററവും വലിയ തെററാണു്. അതാണു് ചൂഷണം.

മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള വ്യത്യാസം, കൈകൾകൊണ്ടും ബുദ്ധികൊണ്ടും പണിചെയ്യാൻ മനുഷ്യനു കഴിയും എന്നുള്ളതാണു്. മൃഗങ്ങൾക്കു് തൊഴിൽചെയ്യാൻ വയ്യ. കലപ്പയും കൈക്കോട്ടും പിടിച്ചു് മനുഷ്യൻ പണിചെയ്യുന്നു; മഹർഷിമാർ ഗുഹകളിൽ ഇരുന്നു് മനുഷ്യജീവിതത്തെപ്പററി ആലോചിക്കുന്നു. കവികൾ പാട്ടുണ്ടാക്കുന്നു. തൊഴിലെടുക്കാൻ തുടങ്ങിയതോടെ മനുഷ്യസംസ്കാരവും വളരാൻ തുടങ്ങി—പലവഴിക്കു്.

അദ്ധ്വാനശക്തി ചൂഷണംചെയ്യണം. സ്വകാര്യസ്വത്തു് നിലനിർത്തണം. അതിനെന്തു വഴി? അടിമകളെ സ്വന്തം വരുതിയിൽ നിർത്താനും സ്വത്തു് സംരക്ഷിക്കാനും പററിയ ചില സമ്പ്രദായങ്ങൾ യജമാനന്മാർ ഉണ്ടാക്കി; പേടിപ്പിച്ചുനോക്കി. തെററു ചെയ്താൽ കടുത്ത ശിക്ഷ കൊടുത്തു; അങ്ങിനെയാണു് നിയമങ്ങൾ വരുന്നതു്. ചാട്ടവാറുകൊണ്ടു് അടിക്കാം. ചങ്ങലയ്ക്കിടാം. തടവിലിടാം. ചുററും കാവൽക്കാരെ നിർത്താം. അനുസരിക്കാത്തവരെ മുക്കാലിയിൽ പിടിച്ചുകെട്ടാനും, വേണമെങ്കിൽ കഴുമരത്തിൽ കയററാനും എല്ലാം നിയമം വന്നു.

നിയമത്തിൻെറ അടിസ്ഥാനം മനുഷ്യരെ ഒതുക്കിനിർത്തുക എന്നായിരുന്നു.

മേലാളനെ അനുസരിക്കണം. യജമാനനെ ബഹുമാനിക്കണം. അടിമകൾ പഠിക്കരുത്, നല്ല വസ്ത്രം ധരിക്കരുത്, നല്ല ഭാഷ പറയരുത്. യജമാനന്മാക്കുള്ള സൗകര്യങ്ങളൊന്നും അവർക്കു വേണ്ട. തൊഴുത്തിലെ കാലികളെപ്പോലെ അടിമകൾ ജീവിച്ചു. ഇവരെ അമർത്തി നിർത്താനുള്ള ശക്തി–ഭരണകൂടം യജമാനനു കൊടുത്തു. ഭരണകൂടം മർദ്ദിക്കാനുള്ള ഉപകരണമായി. ഇന്നും അതു് അങ്ങിനെതന്നെ. ഓരോ കാലത്തും ഓരോ വർഗ്ഗത്തിനാവും ഭരണകൂടത്തിൽ ശക്തി. ഇപ്പോൾ മുതലാളിക്കാണു ബലം. ഒരുകാലത്തു് രാജാവിനും ജന്മികൾക്കുമായിരുന്നു അധികാരമെല്ലാം. ●

## ജന്മിയും കുടിയാനും

"ജന്മിത്തം നശിപ്പിക്കും" എന്നാണു് കർഷകസഭയുടെ മുദ്രാവാക്യം. പാടത്തു് പണിചെയ്യുന്ന കൃഷിക്കാരൻ നെല്ലുണ്ടാക്കിയാൽ പോരാ, ജന്മിക്കു് പാട്ടം കൊടുക്കണം. ഭൂമി ജന്മിയുടേതാണു്. പാട്ടം കൊടുത്താൽമാത്രം പോരാ. ജന്മിയുടെ മുമ്പിൽ നല്ല നല്ല സാധനങ്ങൾ കാഴ്ചവയ്ക്കണം. തന്റെ വീട്ടുകാര്യങ്ങൾപോലും ജന്മിയോടു പറഞ്ഞു് സമ്മതം വാങ്ങണം. ഇതായിരുന്നു നില.

ഇക്കാലത്തെ നാടുവാഴിത്തം എന്നു പറയുന്നു. കുറച്ചുകൊല്ലങ്ങൾക്കുമുമ്പു്, കേരളത്തിലെ ഗ്രാമങ്ങളിൽ "ഹോ, ഹോ" എന്നും കേൾക്കാമായിരുന്നു. എന്താണതു്? ജന്മിയുടെ വരവാണു്. രാപ്പകൽ പണിയെടുത്തു് ജന്മിയെ തീററിപ്പോററുന്നവരെ ജന്മിയുടെ മുമ്പിൽ കാണരുതു്. അവർ ദൂരെ മാറി പോകണം. 'ഹോ' എന്ന ശബ്ദം കേട്ടാൽ പണിയെടുക്കുന്ന, കറുത്ത തൊലിയുള്ള, കർഷകത്തൊഴിലാളി ഓടിമാറണം. ചെത്തുകാരൻ മാറിപ്പോകണം. ആശാരിയും കൊല്ലനും വഴിമാറണം. അല്ലെങ്കിൽ ജന്മി അയിത്തമാവും. ജന്മിയെ തീണ്ടു

ന്നതു് കുററമാണു്, പാപമാണു്. ഇതായിരുന്നു നില. ഇതാണു് തമ്പുരാൻവാഴ്ച.

സാധാരണക്കാർ തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായിരുന്നു. പണിയെടുത്തു നാടിനെ വളർത്തുന്ന കൃഷിക്കാർ, ഇതൊക്കെ ശരിയാണെന്നു് വളരെക്കാലം കരുതി. "തിരുവാക്കെതിർവായില്ലെ"ന്നായിരുന്നു അവരുടെ വിശ്വാസം. തമ്പുരാക്കന്മാർ കൽപിച്ചാലതു കേൾക്കണം. അവരുടെ കയ്യിലാണു് നിയമവും ശക്തിയും. അവരുണ്ടാക്കിയ നാട്ടാചാരപ്രകാരം നടക്കണം. ആയിരക്കണക്കിൽ വർഷങ്ങളിലെ സ്ഥിതി ഇതായിരുന്നു. ഭരണകൂടം നാടുവാഴികളുടെ കയ്യിലായിരുന്നതിനാൽ ഇതൊക്കെ ജനങ്ങളെക്കൊണ്ടു് അനുസരിപ്പിക്കാനും കഴിഞ്ഞു.

അമ്പലത്തിൽ അയിത്തക്കാർക്കു കടന്നുകൂടാ. വഴിനടന്നുകൂടാ. ഞാനെന്നു പറയരുതു്. 'അടിയൻ' എന്നു പറയണം. വെളുത്ത മുണ്ടു് ഉടുക്കരുതു്. ജന്മികുടുംബങ്ങളിലുള്ളവർക്കേ വലിയ വെളുത്ത മുണ്ടു് ഉടുക്കാവൂ. പണിയെടുക്കുന്നവരും താണ'ജാതി'ക്കാരും മുട്ടുമറയാത്തവിധം മുണ്ടുടുക്കണം. ഓച്ഛാനിച്ചുനിൽക്കണം. ഇതൊക്കെയായിരുന്നു നാട്ടാചാരങ്ങൾ വളരെക്കാലം ആളുകൾ ഇതൊക്കെ സഹിച്ചു.

പക്ഷെ, ഇതിനെതിരായി ജനങ്ങൾ സംഘടിച്ചു. അയിത്തത്തിനെതിരായി, വഴിനടക്കാ

നായി, പാട്ടം കുറയ്ക്കാനായി സമരങ്ങൾ നടന്നു. പഴയ നിയമങ്ങൾ മാറണം. ജന്മിത്തം നശിക്കണം. അതിന്റെ സ്ഥാനത്തു് നാട്ടിൻപുറത്തു പുതിയ നിയമങ്ങൾ വരണം. ഇതായിരുന്നു അവരാവശ്യപ്പെട്ടതു്. തങ്ങളും മനുഷ്യരാണെന്ന ബോധം അവർക്കുണ്ടായി.

നാടുവാഴിത്തത്തിനെതിരായി കൃഷിക്കാർ നടത്തിയ സമരത്തിൽനിന്നു് "കൃഷിഭൂമി കൃഷിക്കാരക്കു്" എന്ന ആശയം വളർന്നുവന്നു. കർഷക സംഘങ്ങൾ വന്നു. ജന്മിക്കെതിരായ സമരങ്ങൾ നടന്നു. അയിത്തത്തിനെതിരായ സമരങ്ങൾ നടന്നു. മനുഷ്യത്വത്തിനുവേണ്ടി സമരം നടന്നു. മാററങ്ങൾ വന്നുതുടങ്ങി. വലുതും ചെറുതുമായ മാററങ്ങൾ.

പെട്ടെന്നൊരുദിവസംകൊണ്ടല്ല ഇതൊക്കെ നടന്നതു്. നൂററാണ്ടുകൾതന്നെ വേണ്ടിവന്നു. തങ്ങളും മനുഷ്യരാണെന്ന ബോധം ജനങ്ങളിലുണ്ടാവാൻ കാലം കുറെ പിടിച്ചു. മനുഷ്യരെപ്പോലെ കഴിയാൻ അവർ ആഗ്രഹിച്ചു. പക്ഷെ ആഗ്രഹംകൊണ്ടുമാത്രമായില്ല. അതിനുള്ള കഴിവും കരുത്തും നേടണമല്ലോ; അതിനു സംഘടന വേണം, നേതാക്കൾ വേണം.

അടിമകൾ യജമാനർക്കെതിരെ പൊരുതിയപോലെ കുടിയാന്മാർ ജന്മികളെ എതിർത്തു. തമ്പുരാക്കന്മാർക്കെതിരെ പണിയെടുക്കു

ന്നവർ സംഘടിച്ചു. സമൂഹം പുരോഗമിക്കുക യായിരുന്നു. സമൂഹം മുന്നേറുന്നതു് മനുഷ്യ പ്രയത്നംകൊണ്ടാണു്. എല്ലാം തന്നെത്താൻ നടക്കും എന്ന ധാരണ നാം വിടണം.

താണവരെന്നും ഉയർന്നവരെന്നും മനുഷ്യരെ തരംതിരിച്ചതായിരുന്നു ഇന്ത്യയിലെ നാടുവാഴിത്തത്തിന്റെ പ്രത്യേകത. അതിനു് അവർ വേദവും വേദാന്തവും പറഞ്ഞു. മഹർഷിമാർ എഴുതിയതു് വ്യാഖ്യാനിച്ചു. ജന്മംകൊണ്ടു ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ശൂദ്രനും ഉണ്ടെന്നവർ കരുതി. അന്നത്തെ ആവശ്യത്തിനു് ഇതെല്ലാം ഉണ്ടായി. ഇന്നത്തെ ആവശ്യത്തിനിതൊന്നും വേണ്ട.

വർഗ്ഗസമരം എന്തെന്നു് നേരിട്ടുതന്നെ നാട്ടുകാർ മനസ്സിലാക്കി. ഉള്ളവനും ഇല്ലാത്തവനും, മർദ്ദകനും മർദ്ദിതനും, ചൂഷകനും ചൂഷിതനും എങ്ങിനെ ഉണ്ടായി എന്നു് അവർ നേരിട്ടു കണ്ടു. ജന്മിയും തമ്പുരാനും മേൽജാതിക്കാരും സാധാരണക്കാരെ ചൂഷണംചെയ്യുന്ന സ്ഥിതി ഇന്ത്യയിലും കേരളത്തിലും ഇന്നും ഉണ്ടു്. ഇവയൊക്കെ നമുക്കില്ലാതാക്കാം. അതിനുള്ള സമരങ്ങൾ നടത്താം.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# 4

## പണിമുടക്ക്

"ഫാക്ടറിയിൽ പണിമുടക്കാണു്."

"എന്താണു കാര്യം?"

"കൂലികൂടുതൽ ചോദിച്ചു. മുതലാളി കൊടുക്കില്ലെന്നു പറഞ്ഞു. അപ്പോൾ യൂണിയൻ പണിമുടക്കാൻ തീർച്ചയാക്കി."

—കൃഷ്ണനും മുഹമ്മദും തമ്മിൽ സംസാരിക്കുകയാണു്, സ്കൂളിലേക്കു പോകുംവഴി. അവർ പത്താംക്ലാസ്സിൽ പഠിക്കുന്നു.

മുതലാളിക്കെതിരായി, കൂലിക്കുവേണ്ടിയാണു് തൊഴിലാളികൾ പണിമുടക്കുന്നതു്.

ക്ലാസ്സിൽ സാമൂഹ്യപാഠങ്ങൾ പഠിക്കുകയാണു്.

"റഷ്യയിൽ പണിമുടക്കമില്ലാത്തതെന്താ?" —മുഹമ്മദ് അദ്ധ്യാപകനോടു ചോദിച്ചു. "ഇംഗ്ലണ്ടിലും അമേരിക്കയിലും ജപ്പാനിലും പണിമുടക്കമുണ്ടു്, റഷ്യയിലും ചൈനയിലും ഇല്ല; അതെന്താ?"

അമേരിക്കയും ജപ്പാനും ഇംഗ്ലണ്ടും മുതലാളിത്തരാജ്യങ്ങളാണു്. അവിടെ തൊഴിലാളി

കളല്ല, മുതലാളികളാണ് ഭരണം നടത്തുന്നത്. റഷ്യയും ചൈനയും പോലുണ്ടും മററും സോഷ്യലിസ്റ്റ് രാജ്യങ്ങളാണ്. അവിടെ തൊഴിലാളികളാണ് ഭരണവർഗ്ഗം. അവിടെ മുതലാളിത്തമില്ല.--ഇതൊക്കെ കേട്ടപ്പോൾ കൃഷ്ണനു സംശയമായി.

"ഇന്ത്യ മുതലാളിത്തരാജ്യമോ സോഷ്യലിസ്റ്റ് രാജ്യമോ?"

ഇവിടെ ടാററയും ബിർലയുമില്ലേ? കായൽ രാജാക്കന്മാരില്ലേ? തോട്ടമുടമകളില്ലേ? വളരെയേറെ ഫാക്ടറികൾ മുതലാളിമാരുടെ കയ്യിലല്ലേ?

ആരാണ് ടാററയും ബിർലയും? ഇവരാണ് കുത്തകക്കാർ. ഇന്ത്യയിൽ ഇങ്ങിനെ എഴുപതു കമ്പനികൾ കുത്തകക്കാരായുണ്ട്. ഇവക്ക് സർക്കാരിനെ പാട്ടിലാക്കാൻ കഴിയും. സർക്കാരിൻെറ പുരോഗമനനയങ്ങളെ തോൽപിക്കാനും ഇവർക്കു കഴിയും. മുതലാളിത്തംതന്നെ ചീത്തയാണ്; അതിനേക്കാൾ ചീത്തയാണ് കുത്തകമുതലാളിത്തം. ഇന്ത്യയെ വഷളാക്കുന്നതു് ഈ കുത്തകക്കാരാണ്. കുത്തകക്കാർ ചെറിയ മുതലാളിമാരെപ്പോലും ദ്രോഹിക്കുന്നു.
—കുട്ടികൾ സംഭാഷണം തുടർന്നു:

"പണിമുടക്കങ്ങൾ എല്ലായ്പോഴും കൂലി ക്കൂട്ടതലിന്നു മാത്രമാണോ?"–കൃഷ്ണൻെറ സംശയം.

"അല്ല. ചിലപ്പോൾ രാഷ്ട്രീയകാര്യങ്ങൾക്കും തൊഴിലാളികൾ പണിമുടക്കും."

"രാഷ്ട്രീയകാര്യങ്ങൾക്കു് തൊഴിലാളികൾ പണിമുടക്കരുതെന്നു് ചില പത്രങ്ങൾ, എഴുതുന്നുണ്ടല്ലോ; മുഹമ്മദിൻെറ അഭിപ്രായമെന്താണു്?"

"തൊഴിലാളികൾ മുതലാളിക്കെതിരായി മാത്രമല്ല സമരം ചെയ്യുന്നതു്. മുതലാളിത്തം മാററി തൊഴിലാളികളുടെ ഭരണം ഉണ്ടാക്കണം; ഇതും അവരുടെ ആവശ്യമാണു്. അതിന്നായിട്ടുള്ള പണിമുടക്കങ്ങളും സമരങ്ങളും തൊഴിലാളികൾ നടത്തുന്നു. മുതലാളിത്തത്തെ തൊഴിലാളികൾ നേരിടുന്നതു് ഇങ്ങിനെയാണു്."

"തൊഴിലാളിക്കു് ഇതിന്നു് എങ്ങിനെ ശക്തി കിട്ടുന്നു?"

"അതിനാണു് തൊഴിലാളിയൂണിയൻ; യൂണിയനുകൾക്കു് അഖിലേന്ത്യാ ട്രേഡ്യൂണിയൻ സംഘടനയുമുണ്ടു്."

"യൂണിയനു് എങ്ങിനെ ഇതിനൊക്കെ നേതൃത്വം കിട്ടുന്നു?"

"അതിനാണു പാർട്ടി. കമ്മ്യൂണിസ്റ്റ് പാർട്ടി എന്നു കേട്ടിട്ടുണ്ടോ? തൊഴിലാളികളുടെ രാഷ്ട്രീയപ്പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. തൊഴിലാളിസമരങ്ങൾ സംഘടിപ്പിക്കേണ്ടതു് പാർട്ടിയാണ്. എന്റെ ബാപ്പ കമ്മ്യൂണിസ്റ്റു കാരനാണ്; ഞാനും."

"കമ്മ്യൂണിസ്റ്റുപാർട്ടിയിൽ തൊഴിലാളികളല്ലാത്തവരില്ലേ?"

"ഉണ്ട്. പക്ഷെ, പ്രധാനമായും തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയപ്പാർട്ടിയാണ് കമ്മ്യൂണിസ്റ്റു പാർട്ടി. മുതലാളിത്തത്തിനെ തോൽപ്പിക്കാൻ തൊഴിലാളികൾക്കു കഴിയണമെങ്കിൽ കമ്മ്യൂണിസ്റ്റുപാർട്ടി ശക്തിപ്പെടണം."

## 5

## ഇൻക്വിലാബ് സിന്ദാബാദ്

അതാ ഒരു ജാഥ വരുന്നു. പത്തിരുപത്തു പേർ ചുവന്ന കൊടികളും പിടിച്ച് വരുന്നു. മുദ്രാവാക്യം വിളിക്കുന്നുണ്ട്. ഇടക്കിടെ ഇൻക്വിലാബ് സിന്ദാബാദ് എന്നും വിളിക്കുന്നുണ്ട്.

എല്ലാ ജാഥകളിലും ഘോഷയാത്രകളിലും വിളിക്കുന്ന മുദ്രാവാക്യമാണ് ഇൻക്വിലാബ് സിന്ദാബാദ്! ഇതിനർത്ഥം വിപ്ലവം ജയിക്കട്ടെ എന്നാണ്. എന്താണീ വിപ്ലവം? പെട്ടെന്നുള്ള മാററമാണ് വിപ്ലവം. ഇൻക്വിലാബ് വിളിക്കാത്തവർ ഇന്ന് ആരുമില്ല.

സമൂഹം മാറി മാറിക്കൊണ്ടിരിക്കുന്നു. പതുക്കെയുള്ള മാററത്തിനിടയിൽ ചിലപ്പോൾ, പെട്ടെന്നാവും മാററം. പതിനെട്ടാം നൂററാണ്ടിൽ ഫ്രാൻസിൽ നടന്ന വിപ്ലവത്തെപ്പററി കേട്ടിട്ടുണ്ടോ? ഭൂപ്രഭുക്കൾക്കും പുരോഹിതവർഗ്ഗത്തിനുമെതിരായി ഫ്രാൻസിലെ സാധാരണക്കാർ നടത്തിയ വിപ്ലവമാണ് ഫ്രെഞ്ചുവിപ്ലവം. സാർ ചക്രവർത്തിയുടെ റഷ്യക്കെതിരായി അവിടത്തെ മുതലാളിത്തഭരണത്തിനെതിരായി, തൊഴിലാളികളും പട്ടാളക്കാരുംകൂടി നട

ത്തിയതാണ് റഷ്യൻ വിപ്ലവം. 1917 ലാണിതു നടന്നതു്. റഷ്യൻവിപ്ലവത്തെ സോഷ്യലിസ്റ്റു വിപ്ലവം എന്നു പറയുന്നു.

വിപ്ലവം തനിയെ ഉണ്ടാവില്ല. അതിനു വേണ്ടി പ്രവർത്തിക്കണം. അതിനു് നേതൃത്വം വേണം. പരിപാടി വേണം. ശത്രുക്കളെ തോൽപിച്ചു മുന്നേറാനുള്ള ശക്തിവേണം. കാൾ മാർക്സും എംഗൽസും ലെനിനും വിപ്ലവനേതാക്കളായിരുന്നു. ഇതിനായിട്ടാണവർ കമ്മ്യൂണിസ്റ്റു പാർട്ടി ഉണ്ടാക്കിയതു്. ലോകമെങ്ങുമുള്ള തൊഴിലാളിവർഗ്ഗപ്പാർട്ടികളെ ഒന്നിപ്പിച്ചതു്. വിപ്ലവത്തിനുവേണ്ടി പ്രവർത്തിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഇന്നു ലോകമെങ്ങും ഉണ്ടു്. ഇന്ത്യയിലുമുണ്ടു്. കേരളത്തിലുമുണ്ടു്. വിപ്ലവത്തിൻെറ ശാസ്ത്രമായ മാർക്സിസം-ലെനിനിസം കമ്മ്യൂണിസ്റ്റുപാർട്ടികളെ മുന്നോട്ടു നയിക്കുന്നു.

തൂക്കുമരത്തിൽ കയറുംമുമ്പു് ഭഗത്സിങ്ങ്, നമുക്കു തന്ന മുദ്രാവാക്യമാണ് ഇൻക്ലാബ് സിന്ദാബാദ്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി തോക്കെടുത്തു പോരാടിയ യുവാവാണ് ഭഗത്സിങ്ങ്. അദ്ദേഹം വിപ്ളവത്തിൽ വിശ്വസിച്ചു. വിപ്ളവം എന്നുവെച്ചാൽ കൊലയും കൊള്ളയുമല്ല. ചോരച്ചൊരിച്ചിലല്ല. ഹിംസയല്ല. ചിലരെ വെടിവെച്ചുകൊല്ലുക

യോ വീടാക്രമിക്കുകയോ ചെയ്താൽ വിപ്ലവമാവില്ല. ജനങ്ങളെ പങ്കെടുപ്പിച്ചാലേ വിപ്ലവമാവൂ. ജനങ്ങളാണ് വിപ്ലവശക്തികൾ. അവരാണ് വിപ്ലവം നടത്തുന്നത്. മാർക്സിസത്തിലും ലെനിനിസത്തിലും വിശ്വസിക്കുന്നവർ വിപ്ലവത്തിനായി പ്രവർത്തിക്കുന്നു. വിപ്ലവത്തിന്റെ ലക്ഷ്യം ജനങ്ങളെ കൊല്ലലല്ല; ഉപദ്രവിക്കലല്ല. നിലവിലുള്ള ബൂർഷ്വാഭരണകൂടത്തെ തല്ലിത്തകർത്ത് തൊഴിലാളികളുടെ പുതിയൊരു ഭരണം ഉണ്ടാക്കുകയാണ് വിപ്ലവത്തിന്റെ ലക്ഷ്യം.

ഇതിനുള്ള കഴിവ് വിപ്ലവകാരികൾക്കുണ്ടാവണം. ധൈര്യവും ബുദ്ധിമുട്ടാനുള്ള കഴിവും വേണം. അറിവും വേണം. എങ്കിലല്ലേ നേതൃത്വം കൊടുക്കാൻ കഴിയൂ. ജനങ്ങളിൽ വിപ്ലവബോധം ഉണ്ടാക്കാൻ കഴിയണം. സമരങ്ങളിൽ പങ്കെടുപ്പിച്ച് ജനങ്ങൾക്ക് മനക്കരുത്തും വിപ്ലവബോധവും ഉണ്ടാക്കണം.

ഇൻക്വിലാബ് സിന്ദാബാദ് എന്നു വിളിക്കുമ്പോൾ, ആ വിളി കേൾക്കുമ്പോൾ നമുക്ക് ഭഗത്സിങ്ങിനെപ്പററിയും വിപ്ലവത്തെപ്പററിയും ഓർമ്മവരണം, പക്ഷെ ഒരുകാര്യം: വിപ്ലവം വേണം എന്നും വിപ്ലവം ജയിക്കട്ടെ എന്നും വിളിച്ചുപറഞ്ഞാൽമാത്രം പോരാ; വിപ്ലവം നടത്തണം. അതിന് ആളുകളെ തയ്യാ

റാക്കണം. ചെറിയ കാര്യങ്ങൾക്കായി സമരം ചെയ്യുന്ന ജനങ്ങളെ വലിയ കാര്യങ്ങൾ നേടാനുള്ള കഴിവും കരുത്തും ഉള്ളവരാക്കിമാററണം. അതിനു് സംഘടനകൾ വേണം. എല്ലാ ബഹുജനങ്ങളും ഇൻക്വിലാബ് സിന്ദാബാദ് എന്നു വിളിക്കണം. നിലവിലുള്ളമുതലാളിത്ത ഭരണത്തെ തോൽപ്പിക്കണം. അതിനുള്ള വിപ്ളവത്തിനു തയ്യാറാവണം. നമുക്കെല്ലാവർക്കുംകൂടി വിളിക്കാം: ഇൻക്വിലാബ് സിന്ദാബാദ്!

# 6

## മുതലാളിത്തം

വലിയ പണക്കാരുണ്ടു്. ഒട്ടം പണമില്ലാത്തവരുമുണ്ടു്. പണമില്ലാത്തവരാണു് അധികം.

ഗ്രാമത്തിലെ പലചരക്കുവിൽപനക്കാരനാണു് മമ്മുഹാജി. അയാൾ പണക്കാരനാണു്; എല്ലാവരും അയാളെ 'മുതലാളി' എന്നാണു വിളിക്കുന്നതു്. സാധനങ്ങൾക്കു് ഇരട്ടിവിലയാണവിടെ കള്ളക്കണക്കും എഴുതും. പക്ഷെ, അയാൾ മുതലാളിയല്ല.

മുതൽ മുടക്കി തൊഴിലാളികളെക്കൊണ്ടു പണിചെയ്യിച്ചു ലാഭമുണ്ടാക്കുന്ന ആളാണു് ശരിക്കുള്ള മുതലാളി. തൊഴിലാളിക്കു കൂലി കൊടുക്കുന്നു. തൊഴിലാളിയുടെ അദ്ധ്വാനത്തിനുള്ള പ്രതിഫലമാണു് കൂലി. പക്ഷെ, ചെയ്ത പണിക്കു് മുഴുവൻ കൂലി കിട്ടുന്നില്ല. 5 ഉറുപ്പികയുള്ള പണി യഥാർത്ഥത്തിൽ ചെയ്തിട്ടുണ്ടാവുമെങ്കിൽ കൂലി 3 ഉറുപ്പികയാവും. ബാക്കി 2 ഉറുപ്പിക മുതലാളിയുടെ ലാഭമാണു്. ഇതാണു് ചൂഷണം. തൊഴിലാളികളെക്കൊണ്ടു പണിയെടുപ്പിച്ചു് മുതലാളി പണം സമ്പാദിക്കുന്നു;

മമ്മുഹാജിയെപ്പോലുള്ളവരും പണം സമ്പാദിക്കുന്നുണ്ട്. അതു് കച്ചവടത്തിൽനിന്നാണു്. രണ്ടും മൂന്നും രൂപ, ദിവസേന ഓരോ തൊഴിലാളിയെ ചൂഷണംചെയ്തുകൊണ്ടു് മുതലാളി ഉണ്ടാക്കുന്നു. അതു കൂടിക്കൂടിവരുന്നു. ഇതാണു് മൂലധനമാകുന്നതു്. ഇതു വീണ്ടും ഫാക്ടറികളും മററും ഉണ്ടാക്കാൻ മുതലാളി നിക്ഷേപിക്കുന്നു. ചൂഷണം, വീണ്ടും ചൂഷണം, ലാഭം, കൂടുതൽ ലാഭം,—ഇതാണു് മുതലാളിത്തം. മുതലാളി അതിനായി മൂലധനം ഇറക്കുന്നു.

മുതലാളിത്തം നിലനിൽക്കാൻ കച്ചവടക്കാർ വേണം: അവരും മുതലാളിത്തത്തിൻെറ ഭാഗമാണു്:

മുതലാളിത്തം ഇല്ലാതാക്കണം: അതിനെന്താണു വഴി? മുതലാളിത്തം മനുഷ്യചരിത്രത്തിൽ ഒരു ഘട്ടം മാത്രമാണു്. അടിമത്തം മാറിയില്ലേ? നാടുവാഴിത്തം മാറിയില്ലേ? അതുപോലെ മുതലാളിത്തവും മാറും. അതു മാററണം—കൂടുതൽ ആളുകൾക്കു ഗുണകരമായ ഒരു ഭരണം വരണം. അതാണു് സോഷ്യലിസം. സോഷ്യലിസത്തിൽ മുതലാളിയില്ല. തൊഴിലാളിവർഗ്ഗത്തിൻെറ ഭരണമാണതു്. അവിടെ കള്ളക്കച്ചവടം നടത്തുന്നവരില്ല. കള്ളക്കണക്കു് എഴുതുന്നവരില്ല. തൊഴിലാളിചൂഷണവും ഇല്ല.

മുതലാളി ഇല്ലാതെ എങ്ങിനെ ഫാക്ടറികൾ നടക്കും?

മുതലാളിയല്ല ഫാക്ടറി നടത്തുന്നതു്;

ഫാക്ടറികളും മററും തൊഴിലാളികളാണു് നടത്തുന്നതു്. ഡ്രൈവർ തീവണ്ടി ഓടിക്കുന്നില്ലേ? ഫാക്ടറിത്തൊഴിലാളി തുണിയും ഇരുമ്പുസാധനങ്ങളും സിമൻറും ഉണ്ടാക്കുന്നില്ലേ? ഇതൊന്നും മുതലാളിക്കു ചെയ്യാൻ പററില്ല. മുതലാളിക്കല്ല, തൊഴിലാളിക്കാണു് കാര്യങ്ങൾ നടത്താനുള്ള കെൽപുള്ളതു്. അതുകൊണ്ടാണല്ലോ തൊഴിലാളികൾ പണിമുടക്കിയാൽ ഉൽപാദനം നിലയ്ക്കുന്നതു്. മുതലാളിക്കു പ്രമേഹം പിടിച്ചു് കിടക്കയിൽ കിടന്നാലും ഫാക്ടറി നടക്കുന്നില്ലേ? തൊഴിലാളി പണിമുടക്കിയാലോ?

മുതലാളിത്തത്തിൽ തൊഴിലാളിയൂണിയനുകൾ കൂടുതൽ കൂലിക്കും ജീവിക്കാൻ സൗകര്യത്തിനും അവശ്യസാധനങ്ങളുടെ വില കുറയ്ക്കാനുംവേണ്ടി സമരംചെയ്യുന്നു. സോഷ്യലിസത്തിലാകട്ടെ, തൊഴിലാളിയൂണിയനുകളാണു് ഫാക്ടറികൾ നിയന്ത്രിക്കുക; അവിടെ കൊള്ളലാഭം ഉണ്ടാവില്ല. അവിടെ തൊഴിൽത്തർക്കമുണ്ടാവില്ല.

സ്വകാര്യസ്വത്തിനാണു് മുതലാളിത്തത്തിൽ സ്ഥാനം. സോഷ്യലിസത്തിലോ? ഭൂമിയും ഫാക്ടറിയുമെല്ലാം പൊതുസ്വത്താണു്; അവിടെ ചൂഷണം അനുവദിക്കുന്നില്ല. ഇതി

നർത്ഥം സ്വന്തം ഉപയോഗത്തിന്ന് റേഡിയോ വാച്ച്, ലൈബ്രറി എന്നിവ പാടില്ലെന്നല്ല.

മുതലാളിത്തത്തിൽ പൊതുസ്ഥാപനങ്ങൾ ഇല്ലേ? പൊതുമുതൽ ഇല്ലേ? ഉണ്ട്. പക്ഷെ, അവ പൊതുമുതലാണെന്ന് പലപ്പോഴും തോന്നുന്നില്ല. മുതലാളിത്തത്തിൽ പൊതു സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതും മുതലാളിമാരാണ്. സാധാരണക്കാർക്കതിൽ യാതൊരു പങ്കുമില്ല. പിന്നെ എങ്ങിനെ പൊതുമുതലിനെക്കുറിച്ച് മതിപ്പുണ്ടാവും?

മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേയ്ക്കുള്ള മാററത്തെ സഹായിക്കാൻ കെൽപുള്ള ശക്തി തൊഴിലാളിവർഗ്ഗമാണ്.

പണക്കാരും പാവപ്പെട്ടവരും എന്ന വ്യത്യാസം ഇല്ലാതാക്കണം. ഈ വ്യത്യാസം നിലനിർത്തുന്നതു് മുതലാളിത്തമാണ്. മുതലാളിത്തം ഇല്ലാതാക്കണം. അപ്പോൾ ഈ വ്യത്യാസവും ഇല്ലാതാവും.

KOTTAYAM PUBLIC LIBRARY
69144
KOTTAYAM.

## പുതിയ ശാസ്ത്രം

പത്രങ്ങളിൽ ആഴ്ചഫലം നോക്കുന്നവരുണ്ടു്. രാഹുകാലം നോക്കി പരിപാടി ഇടുന്നവരുണ്ടു്. ജാതകം നോക്കി ഭാവി നിശ്ചയിക്കുന്നവരുണ്ടു്. ജനനസമയവും നാളും ഗ്രഹനിലയും നോക്കിയാണിവർ ഭാവി നല്ലതോ ചീത്തയോ എന്നൊക്കെ പറയുന്നതു്. മുഖം നോക്കി ലക്ഷണം പറയുന്നു. കൈരേഖ നോക്കി ഭാവിസൂചനകൾ നൽകുന്നവരുമുണ്ടു്. വെളിച്ചപ്പാടിൻെറ കൽപന കേട്ടു സമാധാനിക്കുന്നവരുണ്ടു്. ദൈവകോപം തീർക്കാൻ വഴിപാടുകൾ കഴിക്കുന്നവരുണ്ടു്. പക്ഷെ, ഇതിലൊക്കെ വിശ്വസിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണു്. ഇനിയും കുറയും.

മനുഷ്യനു് ഒരു ആത്മാവുണ്ടെന്നും അതിനാണു് പ്രാധാന്യം എന്നും വാദിക്കുന്നവരുണ്ടു്. ഇതു ശരിയാണോ? അല്ലെന്നു മാർക്സിസം പറയുന്നു. ആത്മാവല്ല പദാർഥമാണു് പ്രധാനം. പദാർഥത്തിൻെറ നിലനിൽപിനടിസ്ഥാനം ചലനമാണു്, മാററമാണു്. ചലിക്കാത്തതായി, മാറാത്തതായി യാതൊന്നുമില്ല. മാററ

ങ്ങൾ തുരുതുരെ നടക്കുന്നു—ഓരോ നിമിഷത്തിലും. ഇതു പദാർത്ഥത്തിനുതന്നെ മാററമുണ്ടാക്കുന്നു.

ലോകത്തിൽ ഒരുകാലത്ത് ജീവനുണ്ടായിരുന്നില്ല. കുറെ കാലത്തിനുശേഷമാണ്, പദാർത്ഥങ്ങളിൽനിന്ന് ജീവനുണ്ടായത്. ചലനത്തിൻെറ ഫലമാണത്. ആദ്യം ചെറുജീവികളേ ഉണ്ടായിരുന്നുള്ളു. കുറേക്കാലത്തിനുശേഷം വലിയ ജീവികളുണ്ടായി. ഏററവും അവസാനമുണ്ടായ ജീവിയാണ് മനുഷ്യൻ.

പദാർത്ഥം മാറി; ജീവനായി, ജീവവസ്തുക്കളായി. ജീവവസ്തുവിൽ മാററം വന്നു. പതുക്കെ, പതുക്കെ, അനേകലക്ഷം കൊല്ലങ്ങൾകൊണ്ട് ഉയർന്ന ജീവികളുണ്ടായി. ഇതാണ് പരിണാമവാദം. പ്രകൃതിയിലെന്നപോലെ സമൂഹത്തിലും പരിണാമം നടക്കുന്നുണ്ട്.

പ്രകൃതിയിൽ ഉണ്ടാവുന്ന മാററങ്ങൾക്കു ചില നിയമങ്ങളെല്ലാമുണ്ട്. മാററം എല്ലായ്പോഴും ഒരേവിധമല്ല. ചില പ്രത്യേക ഘട്ടത്തിൽ പെട്ടെന്നാവും മാററം. അടുപ്പത്തുവെച്ച വെള്ളം ചൂടാക്കിയാൽ അതിൻെറ ചൂട് കൂടിവരുന്നു, ഒരു പ്രത്യേക ഘട്ടത്തിൽ വെള്ളം തിളയ്ക്കുന്നു; അതു് നീരാവിയായി മാറുന്നു. ഇവിടെ എന്തുണ്ടായി? വെള്ളം ആദ്യം ചൂടായി. ചൂട്

കൂടിക്കൂടിവന്നു. കുറെ ചൂടായപ്പോൾ വെള്ളം പെട്ടെന്നു തിളച്ച് ആവിയായിത്തീരുന്നു.

കോഴിമുട്ട വിരിയുന്നതും, പച്ചക്കായ്ക്ക് പഴമാവുന്നതും, പാൽ തൈരാവുന്നതും എല്ലാം മാററങ്ങൾക്കു് ഉദാഹരണമാണു്.

സമൂഹത്തിലും ഏതാണ്ടു് ഇതുതന്നെ സംഭവിക്കുന്നു. പതുക്കെപ്പതുക്കെ സമൂഹത്തിൽ ഉണ്ടാവുന്ന മാററം, ഒരു പ്രത്യേക ഘട്ടത്തിൽ, പെട്ടെന്നാവുന്നു. ഇതിനെയാണു് വിപ്ളവം എന്നു പറയുന്നതു്. പ്രാകൃതജീവിതത്തിൽനിന്നു് അടിമത്തമുണ്ടായതു് ഇങ്ങനെയൊരു വിപ്ലവത്തിൽക്കൂടിയാണു്. അടിമത്തം അനേക നൂററാണ്ടുകൾക്കുള്ളിൽ മാറിയെങ്കിലും, പെട്ടെന്നു മാറിയിട്ടാണു് നാടുവാഴിത്തം വന്നതു്. നാടുവാഴിത്തത്തിനകത്തുണ്ടായ വിപ്ലവമാണു് മുതലാളിത്തത്തിനു കാരണമായതു്. വികാസത്തിൻെറതന്നെ വികാസമാണു് വിപ്ലവം.

വിപ്ലവം തനിയേ ഉണ്ടാവില്ല. അതിനു വേണ്ടി ശ്രമിക്കണം. പക്ഷെ ഒരുകാര്യം, പാകമാകുംമുമ്പ് മാങ്ങ പഴുക്കില്ല. സമൂഹത്തിലെ വിപ്ലവശക്തികൾ വളരാതെ വിപ്ലവമുണ്ടാകില്ല. മുതലാളികളും തൊഴിലാളികളും തമ്മിൽ നടക്കുന്ന വർഗ്ഗസമരം മൂക്കണം, പരക്കണം. ജനങ്ങൾക്കു മുതലാളിത്തത്തിൽ വിശ്വാസം കുറയണം. തൊഴിലാളിവർഗ്ഗത്തിനു് ഐക്യമുണ്ടാവണം; സംഘടനയുണ്ടാവണം; നേതൃത്വ

വും വേണം. ഇങ്ങിനെ പലതും ചേർന്നാലേ വിപ്ലവം ഉണ്ടാവുകയുള്ളു.

തൊഴിലാളികൾ മാത്രം പോരാ വിപ്ലവത്തിനു്. കൃഷിക്കാർ വേണം. അവരെക്കൂടി ചെങ്കൊടിക്കു കീഴിൽ കൊണ്ടുവരണം. നാട്ടിൻപുറത്തെ വിപ്ളവശക്തികൾ വളരണം.

തൊഴിലാളിവർഗ്ഗം മററു വിഭാഗങ്ങളുമായി യോജിക്കുന്നു. അതേസമയം അവരുടെ പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊടുക്കുകയും ചെയ്യുന്നു.

ഇന്നലെവരെ ശരിയാണെന്നു കരുതിയ പലതും ഇന്നു ശരിയായില്ലെന്നു വരുന്നു. ഇന്നുള്ള ധാരണകൾ നാളെ തിരുത്തപ്പെടുന്നു. അതാണു വികാസം, മാററം, ചലനം. ഇതിൻെറയെല്ലാം ശാസ്ത്രമാണു് മാർക്സിസം.

മാർക്സിസത്തിൻെറ നിയമങ്ങൾ അനുഭവംകൊണ്ടു പഠിക്കേണ്ടതാണു്. സമരം ചെയ്യണം; സാഹസം ചെയ്യണം—മാർക്സിസം പഠിക്കാനുള്ള വഴിയാണതു്. പരീക്ഷണശാലയിലിരുന്നാൽപ്പോരാ, വർഗ്ഗസമരത്തിൽ പങ്കെടുക്കുകതന്നെവേണം, ഈ പുതിയ ശാസ്ത്രം പഠിക്കാൻ.

തൊഴിലാളികളും അദ്ധ്വാനിക്കുന്ന കൃഷിക്കാരും ഇടത്തരക്കാരുമാണിവിടത്തെ വിപ്ളവശക്തികൾ. അവരെക്കൂടാതെ ഇവിടെ വിപ്ളവം നടക്കില്ല.

## 8

# ശാസ്ത്രീയ സോഷ്യലിസം

കവികൾ പലതും പാടി. ചിന്തകന്മാർ പലതും എഴുതി. ഇതൊക്കെ വായിച്ച് മാർക്സ് പറഞ്ഞു: എനിക്കീ വ്യാഖ്യാനം കേട്ടു മതിയായി. നമുക്കീ ലോകത്തെയങ്ങ് മാററാൻ ശ്രമിച്ചുകൂടെ? അതെ, ലോകത്തെ മാററലാണു പ്രധാനം. പ്രസംഗം നിർത്തുക, പാട്ടു നിർത്തുക; പ്രവർത്തിക്കുക; മാററത്തിനുവേണ്ടി പ്രയത്നിക്കുക.

നല്ല മനുഷ്യസ്നേഹികൾ ലോകത്തിൽ സമാധാനവും സുഖവും കൈവരുത്താനുള്ള വഴികളെപ്പററി എപ്പോഴും അന്വേഷിച്ചിട്ടുണ്ടായിരുന്നു. മരണത്തിനുശേഷം മോക്ഷത്തെപ്പററി മതങ്ങൾ പറഞ്ഞു. സ്വർഗ്ഗം ശാശ്വതസുഖത്തിൻെറ പര്യായമായിരുന്നു. സ്വകാര്യസ്വത്തില്ലാതെ, യജമാനനില്ലാതെ, മേലാളരില്ലാതെ എല്ലാവരും ഒന്നിച്ചു ജീവിക്കുന്ന സമൂഹത്തെപ്പററി അവർ ആലോചിച്ചു. മനുഷ്യൻെറ ദുഃഖം ഇല്ലാതാക്കണം. പട്ടിണിയും ദാരിദ്ര്യവും രോഗവും പൊറുതികേടും ഒഴിവാക്കണം. അങ്ങിനെയൊരു ലോകത്തെപ്പററി അവർ ആലോചിച്ചു. ആലോചിച്ച് പലതും അവർ കണ്ടുപിടിച്ചു. ചിലർ പ്രായോഗികമായി

അതു നടപ്പിലാക്കിനോക്കുകപോലും ചെയ്തു. പക്ഷെ ഒന്നും ഫലിച്ചില്ല. ശാസ്ത്രീയമല്ലാത്ത തുണ്ടോ നിലനിൽക്കുന്നു? നമ്മുടെ ഇഷ്ടത്തിനനുസരിച്ച് പ്രകൃതിനിയമം മാറില്ല. സമൂഹനിയമം മാറില്ല. നിയമങ്ങൾ മനസ്സിലാക്കി അതിനനുസരിച്ചുവേണം പ്രവർത്തിക്കാൻ.

ആദ്യം മനുഷ്യൻ നന്നാവണം, അല്ലാതൊന്നും ശരിപ്പെടില്ല, എന്നു ചിലർ പറഞ്ഞു. സമൂഹം നന്നാവണം—അതിൽക്കൂടി മനുഷ്യരും നന്നാവും എന്നു മാർക്സും പറഞ്ഞു. സോഷ്യലിസത്തിനു ശാസ്ത്രീയാടിസ്ഥാനം നൽകിയതു മാർക്സും എംഗൽസുമാണു. ഒററയ്ക്കൊററയ്ക്കു മനുഷ്യൻ നന്നായതുകൊണ്ടായില്ല.

1848-ൽ മാർക്സും എംഗൽസുംകൂടി 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ' എന്നൊരു ചെറു പുസ്തകം എഴുതി. ലോകത്തൊഴിലാളികൾക്കുവേണ്ടി ഉണ്ടാക്കിയതാണീ പുസ്തകം. "ലോകതൊഴിലാളികളേ സംഘടിക്കുവിൻ. നിങ്ങൾക്കു കൈച്ചങ്ങലയല്ലാതെ മററൊന്നും. നഷ്ടപ്പെടാനില്ല; കിട്ടാനുള്ളതോ, ഒരു ലോകവും" എന്നാണു പുസ്തകത്തിൻെറ അവസാന വാക്യങ്ങൾ. ഈ വാക്യങ്ങൾ നിങ്ങൾ മറക്കരുതു്: നിങ്ങൾക്കൊരു ലോകം കിട്ടാനുണ്ടു്. നിങ്ങൾക്കു നഷ്ടപ്പെടാൻ ചങ്ങലമാത്രമേയുള്ളൂ. എത്ര നല്ല കവിത? എത്ര നല്ല മുദ്രാവാക്യം!

ധനശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും പുരോഗതി ഉണ്ടായപ്പോഴേ സോഷ്യലിസം ശാസ്ത്രീയമായുള്ള രാഷ്ട്രതന്ത്രവും അതിനെ സഹായിച്ചു. ഇതിൻെറഫലമായി പുതിയ ആശയങ്ങളും ജനാധിപത്യത്തെക്കുറിച്ചും സോഷ്യലിസത്തെക്കുറിച്ചും പുതിയ ധാരണകളും വളർന്നു. കൂട്ടത്തിൽ തൊഴിലാളിസമരങ്ങൾ നടന്നു.

KOTTAYAM PUBLIC LIBRARY KOTTAYAM

മാർക്സ് 'മൂലധനം' എന്ന പുസ്തകം ഉണ്ടാക്കാൻ ഇതൊക്കെ പഠിച്ചു. സയൻസിൻെറ കാഴ്ചപ്പാടിൽ സമൂഹപുരോഗതിയെ കാണാൻ എംഗൽസിനു കഴിഞ്ഞു. റഷ്യൻ വിപ്ളവനേതാവായ ലെനിൻ സോഷ്യലിസത്തെ ശാസ്ത്രീയമായി വളർത്തി. സോഷ്യലിസം ഇന്നു വെറും സങ്കൽപമല്ല; സ്വപ്നമല്ല; യാഥാർത്ഥ്യമാണ്.

സോഷ്യലിസം ശാസ്ത്രീയമാണിന്ന്. മുതലാളിത്തത്തിൻെറ ശവക്കുഴി തോണ്ടുന്നവരാണ് തൊഴിലാളിവർഗ്ഗം എന്നും, അവസാനം അവർ ജയിക്കും എന്നും, മുതലാളിത്തത്തിനെതിരായ എല്ലാ ശക്തികളേയും അതിജീവിക്കാനവർക്കു കഴിയും എന്നും നമുക്കിന്നു പറയാം. നാളെ സൂര്യൻ ഉദിക്കും എന്നു പറയുമ്പോലെ ഇതും പറയാം എന്നായിരിക്കുന്നു. നാളെ ശാസ്ത്രീയസോഷ്യലിസത്തിൻെറ

കൊടി ഉയരും. ലോകത്തിലിന്നു് സോഷ്യലിസത്തിൻെറ ശക്തികളാണു് വളരുന്നതു്.

ശാസ്ത്രീയസോഷ്യലിസത്തെ വളർത്തണം. ഓരോ രാജ്യത്തിലും ഓരോ കാലഘട്ടത്തിലുമുള്ള പ്രശ്നങ്ങളെ അതുമായി ബന്ധപ്പെടുത്തണം. റഷ്യൻവിപ്ളവത്തിൻെറ വിജയത്തിനു കാരണം, ശാസ്ത്രീയസോഷ്യലിസത്തെ റഷ്യയിലെ ജീവിതവുമായി ബന്ധപ്പെടുത്താൻ ലെനിനു കഴിഞ്ഞതതാണു്. ഇന്ത്യയിലും കേരളത്തിലും ഇതാണു ചെയ്യേണ്ടതു്. ഇന്ത്യയിൽ ശാസ്ത്രീയസോഷ്യലിസത്തിനു് ഇന്നു് മുമ്പത്തേക്കാൾ ശക്തിയുണ്ടു്. ചെറുപ്പക്കാരെല്ലാം ആവഴിക്കാണു് തിരിയുന്നതു്.

## 9

# ഇന്ത്യയിൽ ചെങ്കൊടി

1498 ൽ പോർച്ചുഗലിലെ നാവികനായി വാസ്കോഡഗാമ ആഫ്രിക്കയെ ചുററി, കോഴിക്കോട്ടെത്തി. അങ്ങിനെ ഇന്ത്യയിലേക്ക് ഒരു വഴി കണ്ടുപിടിച്ചു. കുരുമുളകും സുഗന്ധവസ്തുക്കളും അന്വേഷിച്ച് യൂറോപ്യന്മാർ ഇന്ത്യയിലെത്തി. അവസാനം വന്നതു് ഇംഗ്ലീഷുകാരാണ്. അവർ ഇന്ത്യയിലെ ഭരണാധികാരികളായിത്തീർന്നു.

ബ്രിട്ടീഷുഭരണത്തിനെതിരായി ഇന്ത്യക്കാർ പല സമരങ്ങളും നടത്തി. കേരളത്തിലും സമരം നടന്നു. പഴശ്ശി രാജാവും വേലുത്തമ്പിയും, ജനങ്ങളെ ബ്രിട്ടീഷുഭരണത്തിനെതിരായി നയിച്ചു. 1857ൽ പട്ടാളവും ബ്രിട്ടീഷ്വാഴ്ചക്കെതിരെ കലാപമുണ്ടാക്കി. തോക്കെടുത്തു് ഇന്ത്യൻ പട്ടാളക്കാർ ബ്രിട്ടീഷ് വാഴ്ചയെ വെല്ലുവിളിച്ചു. അതിനിടയിൽ തുണിമില്ലുകളും വ്യവസായശാലകളും ഇന്ത്യയിൽ ഉണ്ടായി. ബോംബെയായിരുന്നു, തുണിമില്ലുകളുടെ കേന്ദ്രം.

1908ൽ ലോകമാന്യ ബാലഗംഗാധര തിലകനെ അറസ്റ്റുചെയ്തു് രാജ്യദ്രോഹക്കുററം

ച്ചമത്തി ബർമ്മയിലേയ്ക്കു് നാടുകടത്തി. ഇതിനെ പ്രതിഷേധിച്ചു് ബോംബെ തൊഴിലാളികൾ ഒന്നാകെ പണിമുടക്കി.

കൂലി കൂട്ടികിട്ടാനല്ല, ബ്രിട്ടീഷ്‌വാഴ്ചക്കെതിരായിരുന്നു ആ പണിമുടക്കം. ഈ വിവരം അറിഞ്ഞപ്പോൾ ലെനിൻ പറഞ്ഞുവത്രേ: "ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തിനു പ്രായപൂർത്തിയായയിരിക്കുന്നു." സ്വന്തം കാര്യങ്ങൾ നോക്കാൻ ഇന്ത്യയിലെ തൊഴിലാളികൾ കഴിവു നേടിയിരിക്കുന്നു, എന്ന കാര്യം ലെനിനെ സന്തോഷിപ്പിച്ചു.

1920നടുത്താണു് ബോംബെ, കൽക്കത്ത, മദ്രാസ് എന്നിവിടങ്ങളിൽ കമ്മ്യൂണിസ്‌റ്റ് ഗ്രൂപ്പുകൾ ആരംഭിച്ചതു്. ഡാംഗെ, മുസാഫർ അഹമ്മദ്, ശിങ്കാരവേലുച്ചെട്ടിയാർ എന്നിവർ ഇവിടെയെല്ലാം വിപ്ലവപ്രവർത്തനം തുടങ്ങി. ഇവർക്കെതിരെ കാൺപൂർ ഗൂഢാലോചനക്കേസ് കെട്ടിച്ചമച്ചു. അങ്ങിനെ ഇന്ത്യയിൽ കമ്മ്യൂണിസത്തെ മുളയിലേ നുള്ളിക്കളയാൻ സർക്കാർ ശ്രമിച്ചു.

വെള്ളപ്പൊക്കമുണ്ടോ മണൽച്ചിറകൊണ്ടു പിന്മാറുന്നു? കേസ്സുകൊണ്ടും മർദ്ദനംകൊണ്ടും തൊഴിലാളിപ്രസ്ഥാനം തകർന്നില്ല. തകരുകയുമില്ല. പുതിയ നേതാക്കൾ രംഗത്തുവന്നു. ചെ

ങ്കൊടി വാനിലുയർന്നു. കൂട്ടതലാളകൾക്ക് ചെ ങ്കൊടി ആവേശം നൽകി. തൊഴിലാളികൾക്കു പുറമെ കർഷകരും വിദ്യാർത്ഥികളും ബുദ്ധി ജീവികളും ചെങ്കൊടി ഉയർത്തി.

അരിവാളും ചുററികയുമുള്ള ചുവന്ന കൊടി യാണു് സോഷ്യലിസത്തിന്റെ കൊടി. അരി വാൾ കൃഷിക്കാരന്റെ ആയുധമാണു്; ചുററിക, തൊഴിലാളിയുടേയും. കർഷക–തൊഴിലാളി ഐക്യത്തെയാണതു കാണിക്കുന്നതു്. അതാ ണു് സോഷ്യലിസത്തിലേയ്ക്കുള്ള വഴി. ചെ ങ്കൊടിയുടെ ചുവപ്പു് രക്തസാക്ഷികളുടെ ത്യാഗ ത്തെ കാണിക്കുന്നു. ഓരോ സമരത്തിലും വിപ്ല വത്തിലും മരിച്ചവരുടെ ചോരയുടെ നിറമാ ണതു്. തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവ ക്കൊടിയാണു് ചെങ്കൊടി. ചെങ്കൊടിപാ റാത്ത രാജ്യമില്ല. ചെങ്കൊടിയെ ഭയപ്പെടാത്ത മുതലാളിയില്ല, പിൻതിരിപ്പനില്ല.

• കൃഷിക്കാരും തൊഴിലാളികളും യുവാക്കളും നാവികന്മാരും ചെങ്കൊടി ഉയർത്തി. ജന്മിക്കും മുതലാളിക്കും സർക്കാരിനുമെതിരായ സമര ങ്ങൾ ചെങ്കൊടിക്കീഴിൽ നടന്നു. ചെങ്കൊടി യുടെ പേരിൽ തൊഴിലാളിനേതാക്കൾ വളർ ന്നു. ഇന്ത്യയിലെ സ്വാതന്ത്ര്യപ്രസ്ഥാന ത്തിന്റെ ഭാഗമായി ഇവിടത്തെ ചെങ്കൊടി പ്രസ്ഥാനവും ശക്തിപ്പെട്ടു.

കയ്യൂർ സഖാക്കൾ തൂക്കുമരമേറിയതു് ചെ ങ്കൊടിക്കുവേണ്ടിയാണു്. ആയിരക്കണക്കിനാളുകൾ തൊഴിലാളിപ്രസ്ഥാനത്തിൽ രക്തസാക്ഷികളായി. ചെങ്കൊടിക്കു ചുവപ്പുനിറം കൊടുത്തതു് ഇവരാണു്. തെലിങ്കാനയും പുന്നപ്രയും വയലാറും കരിവെള്ളൂരും...എത്രയെത്ര പേർ മരിച്ചു? എന്തിനു്? പുതിയ ജീവിതത്തിനു്.

പുതിയ ജീവിതം, പുതിയ വിദ്യാഭ്യാസം, എല്ലാവർക്കും തൊഴിൽ, ജീവിക്കാനുള്ള കൂലി, കൃഷിഭൂമി കൃഷിക്കാർക്കു്, സാമ്രാജ്യത്വം നശിക്കട്ടെ, മുതലാളിത്തം നശിക്കട്ടെ, ജന്മിത്തം നശിക്കട്ടെ മുതലായ മുദ്രാവാക്യങ്ങൾ ഇന്ത്യയിലെ ദേശീയപ്രസ്ഥാനത്തിനു സ്വീകരിക്കേണ്ടി വന്നതു് തൊഴിലാളിവർഗ്ഗസംഘടനകളുടേയും ചെങ്കൊടിയുടേയും സ്വാധീനം കാരണമാണു്.

പുഞ്ചിരിക്കുന്ന യുവത്വത്തിൻെറ ലോകമാണു് സോഷ്യലിസം. അതിൻെറ പ്രതീകമാണു് ചുവന്ന കൊടി. കാററത്തു് ആടുന്ന ചെങ്കൊടി സമാധാനം, സൗഹൃദം, സോഷ്യലിസം എന്നിവയെ മാടിവിളിക്കുന്നു. ●

10

## വിപ്ലവകാരി

കാൾ മാർക്സിനോട് ഒരാൾ ചോദിച്ചു: "താങ്കൾക്കേററവും ഇഷ്ടപ്പെട്ട കാര്യമെന്താണ്?" മാർക്സിൻെറ മറുപടി ഇതായിരുന്നു: "സമരം ചെയ്യുക."

വിപ്ലവകാരിയുടെ സുഖം അതാണ്. പുരോഗതിക്കുവേണ്ടിയുള്ള സമരം.

എന്താണ് സുഖമെന്ന് ഒരു സാധാരണ ഇടത്തരക്കാരനോടു ചോദിച്ചാൽ അയാൾ പറയും: "എനിക്കു ജീവിക്കണം. അതിനു പണം വേണം. വീടും പറമ്പും വേണം. ബുദ്ധിമുട്ടാതെ കഴിയണമല്ലോ." സമൂഹത്തിൻെറ പുരോഗതിയിൽ അയാൾ തൽപരനല്ല. സ്വന്തം കാര്യം സിന്ദാബാദ് ആണ് അയാൾക്കു്.

വിപ്ലവകാരിയുടെ സുഖം, പുതിയ സമൂഹം വാർത്തെടുക്കുന്നതാണ്. അതിനുള്ള സമരമാണ് പ്രധാനം. അതു് ഗൗരവമുള്ളതാണ്. എല്ലാവർക്കും വിപ്ലവകാരികളാവാൻ പററിയെന്നുവരില്ല. എന്നാൽ വിപ്ലവത്തെ സഹായിക്കാൻ ഏവർക്കും കഴിയും. എല്ലാവരും കഴിവനുസരിച്ച് വിപ്ലവപ്രവർത്തനത്തെ സഹായിക്കണം.

വിപ്ലവകാരിക്കുള്ള നല്ലൊരു ഉദാഹരണമാണ് ലെനിൻ. ലെനിൻെറ കുട്ടിക്കാലത്തെപ്പററി നാം അറിയുന്നതു് നല്ലതാണ്. അങ്ങിനെ എല്ലാ വിപ്ലവകാരികളുടേയും കുട്ടിക്കാലത്തെപ്പററി നാം പഠിക്കണം; അച്ഛനും അമ്മയും സഹോദരീസഹോദരന്മാരും വ്ളാഡിമിർ ഉല്യാനോവിനെ സ്നേഹിച്ചു. ലെനിൻെറ പേർ വ്ളാഡിമിർ എന്നായിരുന്നു. പിന്നീട് വിപ്ലവകാരിയായപ്പോൾ, പോലീസിനു പിടികൊടുക്കാതിരിക്കാൻ സ്വീകരിച്ചതാണ് ലെനിൻ എന്ന പേരു്; ആ പേരിനായി പ്രസിദ്ധി.

കുട്ടിയായ ലെനിൻ വലിയ വായനക്കാരനായിരുന്നു. ഒന്നുരണ്ടു തവണ അമ്മയോടു് കള്ളംപറഞ്ഞുവത്രേ. പക്ഷെ ആ സ്വഭാവം വളരെവേഗം തിരുത്തി. പാട്ടുപാടാൻ ലെനിനു് ഇഷ്ടമായിരുന്നു. സ്ക്കൂളിൽനിന്നു കിട്ടിയ മാർക്കുകൾ വിളിച്ചുപറഞ്ഞുകൊണ്ടാണത്രേ വ്ളാഡിമിർ വീട്ടിലേയ്ക്കു വരുന്നതുതന്നെ.

സ്ക്കൂളിൽ ചരിത്രം, ഭൂമിശാസ്ത്രം, സാഹിത്യം എന്നിവയിലായിരുന്നു വ്ളാഡിമിറിനു കൂടുതൽ താൽപര്യം. കിട്ടുന്നത്ര പുസ്തകം വായിക്കും. സഹപാഠികളോടു് സ്നേഹത്തോടെ പെരുമാറും. അമ്മയോടും അച്ഛനോടും സഹോദരങ്ങളോടും വലിയ സ്നേഹമായിരുന്നു. സ്നേഹമുള്ളവർക്കേ വിപ്ലവകാരിയാവാൻ കഴിയൂ.

ഏററവും ഉയർന്ന മനുഷ്യസ്നേഹമാണു് ഒരാളെ വിപ്ളവകാരിയാക്കുന്നതു്.

16വയസ്സിൽ അച്ഛൻ മരിച്ചു. ജ്യേഷ്ഠൻ പഠിക്കാനായി പട്ടണത്തിലേയ്ക്കു പോയിരുന്ന തിനാൽ അമ്മയെ സമാധാനിപ്പിച്ചതു് വ്ളാഡിമിർ ആയിരുന്നു. വിപ്ളവകാരി മററുള്ള വരെ ആശ്വസിപ്പിക്കണം.

ഏററവും വലിയൊരടി വ്ളാഡിമിറിനു കിട്ടി. ജ്യേഷ്ഠനായ അലക്സാണ്ടറെ തൂക്കി ക്കൊന്നു: സാർചക്രവർത്തിയെ കൊല്ലാൻ ശ്രമിച്ചു എന്നതിൻെറ പേരിൽ. വ്ളാഡിമിർ തൻെറ സങ്കടം കടിച്ചമർത്തി. എന്തും സഹി ക്കാൻ വിപ്ളവകാരി തയ്യാറാവണം.

ജ്യേഷ്ഠൻെറ ധീരതയെ ബഹുമാനിച്ചു. പക്ഷെ വ്ളാഡിമിറിനു് ഒരു സംശയം: "ഇതാ ണോ ശരിയായ വിപ്ളവമാർഗ്ഗം?" അല്ലെ ന്നായിരുന്നു വ്ളാഡിമിറിൻെറ അഭിപ്രായം. ലെനിൻ റഷ്യയുടെ വിപ്ളവമാർഗ്ഗം എന്തെന്നു കണ്ടുപിടിച്ചു.

മാർക്സിൻേറയും എംഗൽസിൻേറയും കൃതികൾ വ്ളാഡിമിർ വായിച്ചു പഠിച്ചു. വിപ്ളവത്തിൻെറ ശരിയായ വഴി മനസ്സിൽ രൂപംകൊണ്ടിരുന്നു. വിപ്ളവകാരി വായിച്ചു

പഠിക്കണം. തൊഴിലാളികളുമായി ഉററബന്ധം പുലർത്തുകയും ചെയ്തു.

ലെനിൻെറ സ്കൂൾ സർട്ടിഫിക്കററ് ഏററവും നല്ല വിദ്യാർത്ഥിക്ക ചേർന്നതായിരുന്നു. പഠിപ്പിനുള്ള സ്വർണ്ണമെഡൽ ആ കുട്ടിക്കു കിട്ടി. അപ്പോൾ വിപ്ളവകാരി, പഠിക്കാത്തവനല്ല; സ്കൂളിൽ കൃത്യമായി ഹാജരാകാത്തവനല്ല അച്ചടക്കവും കഴിവും സ്വയംപഠനവുംകൊണ്ടാണ് ഒരു വിപ്ളവകാരി വളരുക. സ്വാർത്ഥം വെടിയണം. ഉറച്ച മനസ്സു വേണം. ഉന്നതാദർശങ്ങൾ മുറുകെ പിടിക്കണം. ലെനിൻെറ മാതൃകയെ കഴിയുന്നത്ര എല്ലാ കുട്ടികളും പിൻതുടരണം. ലെനിനെപ്പോലുള്ള വിപ്ളവകാരികളുടെ ജീവിതം നമ്മെ ആവേശംകൊള്ളിക്കുന്നു.

മാർക്സിസം ഒരു മന്ത്രമല്ലെന്നും പ്രവർത്തനത്തിനുള്ള ഒരു വഴികാട്ടിയാണ് അതെന്നും ലെനിൻ പഠിപ്പിക്കുന്നു. പ്രവർത്തനത്തിലിറങ്ങുക. പഠിച്ചു മുന്നേറുക.

**KOTTAYAM PUBLIC LIBRARY**
KOTTAYAM.

Cl. No. m 335 Acc. No. 69144

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 21 JAN 1987 | | |
| 14 NOV 1988 | | |
| 10 FEB 1989 | | |
| 6 MAY 1989 | | |
| 19 OCT 1989 | | |

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

M 335
Bha-M
69144

ഭാസ്കരപ്പണിക്കർ. പി.ടി.

മാർക്സിസം കുട്ടികൾക്ക്